പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1508

10-02-2020-ൽ മറുപടിക്ക്

**കിസാൻ ക്രെഡിറ്റ് കാർഡുടമകൾക്ക് മാത്രം സ്വർണ്ണപ്പണയ കൃഷിവായ്പ നൽകാനുള്ള കേന്ദ്രസർക്കാർ തീരുമാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ മാക്സി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള കർഷകർ എത്രയെന്നും കാർഷിക മേഖലയെയും കൃഷിയെയും ആശ്രയിച്ച് ജീവിക്കുന്നവർ എത്രയെന്നും വ്യക്തമാക്കാമോ; | (എ) | 2019 ഡിസംബർ 31 വരെ സംസ്ഥാനത്ത് ബാങ്കുകൾ നിലവിൽ 1626212 കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ നൽകിയിട്ടുള്ളതായാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി യിലെ വിവരം.<br><br>06-02-2020 വരെ സംസ്ഥാനത്തെ കൃഷിഭവനുകളിൽ കർഷക രജിസ്ട്രേഷൻ ചെയ്ത കർഷകരുടെ എണ്ണം 1975658 ആണ്.<br><br>സഹകരണ വകുപ്പിനു കീഴിൽ, കിസാൻ ക്രെഡിറ്റ് കാർഡുള്ള കർഷകരുടെ വിവരം ചുവടെ ചേർക്കുന്നു |

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 25276 |
| 2 | കൊല്ലം | 17473 |
| 3 | പത്തനംതിട്ട | 1054 |
| 4 | ആലപ്പുഴ | 2384 |
| 5 | കോട്ടയം | 2684 |
| 6 | ഇടുക്കി | 34600 |
| 7 | എറണാകുളം | 60725 |
| 8 | തൃശ്ശൂർ | 50250 |
| 9 | പാലക്കാട് | 28575 |
| 10 | മലപ്പുറം | 22891 |
| 11 | കോഴിക്കോട് | 133 |
| 12 | വയനാട് | 29860 |

| | | |
|---|---|---|
| 13 | കണ്ണൂർ | 63299 |
| 14 | കാസർഗോഡ് | 39383 |
| | ആകെ | 378587 |

| | | | |
|---|---|---|---|
| (ബി) | ഇവർക്ക് നിലവിൽ ലഭ്യമാകുന്ന കുറഞ്ഞ പലിശയുള്ള വായ്പകൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (ബി) | കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും, വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെയും കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ബാങ്ക് വായ്പ പ്രദാനം ചെയ്യുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയുള്ള കാർഷിക വായ്പകൾക്ക് കേന്ദ്രസർക്കാർ 2% പലിശയിളവ് നൽകുന്നതോടൊപ്പം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% താങ്ങ് പലിശയിളവും നൽകുന്നു. ഇത്തരത്തിൽ കർഷകർക്ക് കുറഞ്ഞ പലിശനിരക്കായ 4%-ൽ വായ്പ ലഭിക്കുന്നു.<br>വിവിധയിനങ്ങളിലുള്ള കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും, കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പൂർണ്ണമായി പലിശയിളവോടുകൂടിയുമാണ് സഹകരണ ബാങ്കുകൾ മുഖേന നൽകി വരുന്നത്. |
| (സി) | കാലാകാലങ്ങളായി നൽകിവരുന്ന 4 % പലിശനിരക്കിലുള്ള സ്വർണ്ണപ്പണയ കൃഷിവായ്പ കിസാൻ ക്രെഡിറ്റ് കാർഡുള്ളവർക്കുമാത്രം നൽകിയാൽ മതിയെന്ന കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തെ എത്ര പേരെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. എസ്.ൽ.ബി.സി യുടെ സെപ്റ്റംബർ 2019 വരെയുള്ള കണക്ക് പ്രകാരം കേരളത്തിലെ ബാങ്കുകളിലെ കാർഷിക വായ്പകളിൽ 21% മാത്രമാണ് കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ വഴിയുള്ളത്. 7541910 അക്കൗണ്ടുകളിൽ കാർഷിക വായ്പ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകർക്കും 4% പലിശനിരക്കിൽ സ്വർണ്ണപണയ വായ്പ ഉൾപ്പെടെയുള്ള കാർഷിക വായ്പ നൽകണമെന്ന ആവശ്യം കൃഷി വകുപ്പ് ബാങ്ക് അധികൃതരോട് ഉന്നയിച്ചിട്ടുണ്ട്. |
| (ഡി) | പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് കാർഷിക മേഖല നട്ടം തിരിയുന്ന ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ പ്രസ്തുത കർഷകവിരുദ്ധ തീരുമാനം നടപ്പാക്കുന്നതിനെതിരെ സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ? | (ഡി) | കൃഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം കാർഷിക സ്വർണ്ണപണയ വായ്പ സംബന്ധിച്ചും പലിശ സബ്സിഡിയെക്കുറിച്ചും കൃഷിക്കാരെ ബോധവൽക്കരിക്കാ നായി സംസ്ഥാന തല ബാങ്കേഴ്സ് സമിതി പത്രപരസ്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കർഷർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി കൃഷിഭവനുകളിൽ കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരഹരിക്കുവാൻ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുന്നുണ്ട്. ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി, ബ്ലോക്ക്തല ബാങ്കേഴ്സ് സമിതി തുടങ്ങിയ വേദികളിൽ ബന്ധപ്പെട്ടവരെ ധരിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ